(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പരമ്പരാഗത ജലസ്രോതസ്സുകൾ നവീകരിക്കുന്നതിന് പദ്ധതി

*3 [455] *ശ്രീ. തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത ജലസ്രോതസ്സുകൾ നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്. കൃഷിയുമായി ബന്ധമുള്ള ജലസ്രോതസ്സുകളുടെ കേടുപാട് പോക്കൽ, നവീകരണം, സംരക്ഷണം എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റ് പദ്ധതിയുണ്ട്.

(ബി) ഉണ്ട്. കേരളത്തിൽനിന്നും പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ ഓരോ പൈലറ്റ് പദ്ധതികളായി കാഡായുടെ ഡിവിഷനുകൾവഴി നടപ്പിലാക്കുന്നതിനു വേണ്ട പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ്‌ലൈൻസ് പ്രകാരം ഒന്നോ രണ്ടോ ജില്ലകളിൽ പൈലറ്റ് പദ്ധതിയായി നടപ്പിലാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുന്ന പ്രകാരം കൂടുതൽ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചേക്കും

(ഡി) ഉണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. 3 : 1 (കേന്ദ്രം : സംസ്ഥാനം) എന്ന അനുപാതത്തിലാണ് ചെലവ് വഹിക്കുന്നത്.

GPM. 2/609/2012—5

LIBRARY ARCHIVES Kerala Legislative Assembly